# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80 28/09/2011-ൽ മറുപടിയ്ക്ക്

## അർബുദരോഗ ചികിത്സാകേന്ദ്രങ്ങൾ

ചോദ്യം മറുപടി

ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി.സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ.റ്റി. ജോർജ്:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അർബുദ രോഗികളുടെ ചികിത്സയ്ക്കും ആശ്വാസത്തിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) | റീജിയണൽ കാൻസർ സെൻററിൽ അർബുദ ചികിത്സക്കാവശ്യമായ ഒട്ടുമിക്ക രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിൻെറ ഭാഗമായി രണ്ട് പുതിയ ലീനിയർ ആക്സിലേറ്ററുകൾ റേഡിയേഷൻ ചികിത്സയ്ക്കായി സ്ഥാപിച്ചു. ഇവയിൽ ഒന്നിൽ Rapid Arc സൗകര്യവും, IMRD, IGRT, Steriotactic Radio Surgery തുടങ്ങിയ അത്യന്താധുനിക ചികിത്സ നൽകാനുമുള്ള സൗകര്യങ്ങളുമുണ്ട്.<br>രണ്ട് ടെലി കോബാൾട്ട്, ഒരു ബ്രാക്കിതെറാപ്പി, സി.റ്റി സിമുലേറ്റർ, സിമുലേറ്റർ, ട്രീറ്റ്മെൻറ് പ്ലാനിംഗ് സിസ്റ്റം, ലാപ്രോ സ്ക്കോപ്പിക് സർജറി (Key Hole) ലിംബ് സാൽവേജ് സർജറി, സെൻറിനൽ ലിംബ്നോഡ് ബയോപ്സി, ഗാമാ പ്രോബ്, വായിലെ കാൻസറിന് മുന്നോടിയായി കണ്ടു വരുന്ന വ്യതിയാനങ്ങൾ ചികിത്സിക്കാനും സ്വനപേടകത്തിലെ കാൻസർ ചികിത്സയുടെ ഭാഗമായി വോയിസ് പ്രിസർവേഷൻ സർജറി ചെയ്യാനുമുള്ള Operating Microscope-ഉം, ലേസർ എന്നീ അത്യന്താധുനിക സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | PACS (പിക്ചർ ആർക്കൈവൽ & കമ്മ്യൂണിക്കേഷൻ സിസ്റ്റം) CR system, Digital Mammography (സ്തനാർബുദം കണ്ടുപിടിക്കുന്നതിനുള്ളത്), Ultra sound Scanner കൂടാതെ കുട്ടികളെ മയക്കി സ്ക്കാൻ ചെയ്യാൻ സൗകര്യമുള്ള MRI Compatible Anesthesia യൂണിറ്റ് തുടങ്ങിയവയും സ്ഥാപിച്ചു വരുന്നു.<br>കാൻസർ രോഗബാധിതരുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധപദ്ധതികൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് ആർ.സി.സി വേണ്ട മാർഗ്ഗ നിർദ്ദേശം നൽകുന്നു. പാവപ്പെട്ട രോഗികൾക്കുള്ള മെഡിക്കൽ അസിസ്റ്റൻസ്, കാൻസർ സുരക്ഷാ പദ്ധതി,മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസ നിധി, പട്ടികജാതി-വർഗ്ഗ ക്ഷേമ വകുപ്പിന്റെ സഹായം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള സഹായം, കുട്ടികൾക്കായുള്ള താലോലം പദ്ധതി എൻഡോസൾഫാൻ ദുരന്ത ബാധിതർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി, നിർധന കാൻസർ രോഗികൾക്കുള്ള പെൻഷൻ പദ്ധതി തുടങ്ങി സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ രോഗികളിൽ എത്തിക്കുന്നുണ്ട്. ആർ. സി. സിയിൽ നിലവിലുള്ള കാഷ്വാലിറ്റി സംവിധാനം മെച്ചപ്പെട്ടസൗകര്യങ്ങളോടുകൂടി വിപുലീകരിച്ചിട്ടുണ്ട്.<br>മലബാർ കാൻസർ സെൻററിലും അർബുദ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള താഴെ പറയുന്ന ആധുനിക സൗകര്യങ്ങൾ ലഭ്യമാണ്.<br>• എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.<br>• ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി വിഭാഗം. |

| | | | |
|---|---|---|---|
| | | | • അത്യാധുനിക സി.ടി,സ്കാൻ, 500 എം.എ എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br>• ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യൻറ് വിഭാഗം.<br>• എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി, കോൾപ്പോസ്കോപ്പി എന്നിവ ചെയ്യുവാനുള്ള സജ്ജീകരണങ്ങൾ.<br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണൻറ് സെപ്പറേഷൻ സൗകര്യമുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.<br>• ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.<br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.<br>ആരോഗ്യ വകുപ്പിൻെറ കീഴിൽ 2011-12 സാമ്പത്തിക വർഷത്തിലേയ്ക്ക് സംസ്ഥാന പദ്ധതി ഇനത്തിൽ അനുമതി ലഭിച്ച കാൻസർ കെയർ പദ്ധതിയിൽ അർബുദ ചികിത്സയുമായി ബന്ധപ്പെട്ട പരിപാടികൾക്കായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമേ സാന്ത്വന ചികിത്സാ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലയിലും അർബുദ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനായി 7,28,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ ആരോഗ്യ മിഷൻ വഴിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും വിവധ ജില്ലകളിൽ ഹോം കെയർ അടക്കമുള്ള സാന്ത്വന ചികിത്സാ കാര്യങ്ങൾ കാൻസർ രോഗികൾക്കായി നടന്നു വരുന്നു.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ, അർബുദരോഗ ചികിത്സക്കുള്ള മരുന്നുകളും ചികിത്സയും സൗജന്യമായി നൽകുന്നുണ്ട്. റേഡിയേഷൻ |

| | | | |
|---|---|---|---|
| | | | ചികിത്സക്കായി ടെലി കോബാൾട്ട് മെഷീനുകളും, എൽ.ഡി.ആർ, എച്ച്. ഡി. ആർ മെഷീനുകളും ഉപയോഗിക്കുന്നുണ്ട്. കൂടാതെ കീമോതെറാപ്പിയും നൽകുന്നുണ്ട്. എല്ലാ ജില്ലകളിലും കാൻസർ രോഗ നിർണ്ണയത്തിനായി ആർ.സി.സി.യുടെയും മെഡിക്കൽ കോളേജുകളുടെയും സഹായത്തോടെ രോഗനിർണ്ണയ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ സെമിനാറുകൾ എന്നിവയും രോഗനിർണ്ണയ ക്യാമ്പുകളും നടത്താറുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അർബുദ ചികിത്സാകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അർബുദ ചികിത്സാകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലഭ്യമായ എല്ലാ നൂതനമാർഗ്ഗങ്ങളും സ്വീകരിക്കുന്നതിനും നടപടി കൈക്കൊണ്ടുവരുന്നു. |
| (സി) | സർക്കാർ ആശുപത്രികളിൽ പുതിയ അർബുദ ചികിത്സാകേന്ദ്രങ്ങൾ തുറക്കുമോ; | (സി) | ആരോഗ്യ വകുപ്പിനു കീഴിൽ 2010-11 വർഷത്തിൽ ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ കാൻസർ ക്ലീനിക് ആരംഭിച്ചിരുന്നു. ഈ വർഷം പുതിയ ക്ലീനിക്കുകൾ തുടങ്ങുവാനുള്ള പദ്ധതികളൊന്നും സർക്കാരിൻെറ പരിഗണനയിലില്ല. |
| (ഡി) | ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) | ലഭ്യമല്ല |

സെക്ഷൻ ഓഫീസർ